**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 121** **10-06-2024 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി സർവ്വകലാശാല വിദ്യാർത്ഥിയുടെ അസ്വാഭാവിക മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പൂക്കോട് വെറ്ററിനറി സർവ്വകലാശാല ക്യാമ്പസിൽ രണ്ടാം വർഷ ബി.വി.എസ്.സി. വിദ്യാർത്ഥിയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (എ) | പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണം അത്യധികം ദൗർഭാഗ്യകരമായ സംഭവമാണ്. പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് വയനാട് വൈത്തിരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 77/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഹോസ്റ്റലിൽ സഹപാഠികൾ സിദ്ധാർത്ഥനെ ആത്മഹത്യ ചെയ്ത നിലയിൽ കാണുകയായിരുന്നു. പോലീസ് കോളേജിലെ CCTV ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം ആരംഭിച്ചു.<br><br>അന്വേഷണത്തിൽ സിദ്ധാർത്ഥൻ റാഗിംഗിന് ഇരയായതായും ദിവസങ്ങൾക്ക് മുൻപ് മർദ്ദനമേറ്റതായും കണ്ടെത്തുകയും കേസിൽ IPC സെക്ഷൻ 341, 323, 324, 342, 306 r/w 34, Prohibition of Ragging Act 3, 4 എന്നീ വകുപ്പുകൾ ചേർത്ത് കേസന്വേഷണം വിപുലപ്പെടുത്തി. 23.04.2024ൽ കൽപ്പറ്റ DySP യുടെ ചുമതലയിൽ പ്രത്യേക സംഘം അന്വേഷണം ഏറ്റെടുക്കുകയുണ്ടായി.<br><br>തുടർന്ന് സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് വയനാട് ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ 29.02.2024 ന് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും ഒളിവിൽ പോയവർ ഉൾപ്പെടെ ആരോപണ വിധേയരായ 20 വിദ്യാർത്ഥികളെയും അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ പോലീസ് സ്വീകരിക്കുകയുണ്ടായി.<br><br>09.03.2024- ൽ (രണ്ടാം ശനിയാഴ്ച) സിദ്ധാർത്ഥന്റെ മാതാവ് സിബിഐ അന്വേഷണം ആവശ്യപ്പെട്ട് |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ ലഭിച്ച അന്നേ ദിവസം തന്നെ സർക്കാർ ഉത്തരവ് (എം.എസ്) നം. 70/2024/ആഭ്യന്തരം പ്രകാരം സി.ബി.ഐക്ക് നൽകി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.<br><br>അതനുസരിച്ച് സിബിഐ കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥിയുടെ കൊലപാതകത്തിന് ഉത്തരവാദികളായവർ ആരെല്ലാമാണെന്നും ഇവർ ഏതു വിദ്യാർത്ഥി സംഘടനയിലെ അംഗങ്ങളാണെന്നും വിശദമാക്കുമോ; | (ബി) | പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണം അത്യധികം ദൗർഭാഗ്യകരമായ സംഭവമാണ്. പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് വയനാട് വൈത്തിരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 77/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഹോസ്റ്റലിൽ സഹപാഠികൾ സിദ്ധാർത്ഥനെ ആത്മഹത്യ ചെയ്ത നിലയിൽ കാണുകയായിരുന്നു. പോലീസ് കോളേജിലെ CCTV ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം ആരംഭിച്ചു.<br><br>അന്വേഷണത്തിൽ സിദ്ധാർത്ഥൻ റാഗിംഗിന് ഇരയായതായും ദിവസങ്ങൾക്ക് മുൻപ് മർദ്ദനമേറ്റതായും കണ്ടെത്തുകയും കേസിൽ IPC സെക്ഷൻ 341, 323, 324, 342, 306 r/w 34, Prohibition of Ragging Act 3, 4 എന്നീ വകുപ്പുകൾ ചേർത്ത് കേസന്വേഷണം വിപുലപ്പെടുത്തി. 23.04.2024ൽ കൽപ്പറ്റ DySP യുടെ ചുമതലയിൽ പ്രത്യേക സംഘം അന്വേഷണം ഏറ്റെടുക്കുകയുണ്ടായി.<br><br>തുടർന്ന് സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് വയനാട് ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ 29.02.2024 ന് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും ഒളിവിൽ പോയവർ ഉൾപ്പെടെ ആരോപണ വിധേയരായ 20 വിദ്യാർത്ഥികളെയും അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ പോലീസ് സ്വീകരിക്കുകയുണ്ടായി.<br><br>09.03.2024- ൽ (രണ്ടാം ശനിയാഴ്ച) സിദ്ധാർത്ഥന്റെ മാതാവ് സിബിഐ അന്വേഷണം ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ ലഭിച്ച അന്നേ ദിവസം തന്നെ സർക്കാർ ഉത്തരവ് (എം.എസ്) നം. 70/2024/ആഭ്യന്തരം പ്രകാരം സി.ബി.ഐക്ക് നൽകി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | അതനുസരിച്ച് സിബിഐ കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്. |
| (സി) | കോളേജ് കാംമ്പസുകളിൽ ആൾക്കൂട്ട വിചാരണകൾ തടയുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കോളേജ് ക്യാമ്പസുകളിലും, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ പരിസരങ്ങളിലും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും, ക്യാമ്പസുകളിൽ ആന്റി റാഗിംങ് സെൽ സജീവമാക്കുന്നതിനും കോളേജ് അധികാരികൾക്ക് നിർദ്ദേശം നൽകുന്നതും രഹസ്യാന്വേഷണം ഊർജിതപ്പെടുത്തുന്നതും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ